# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് - ബസ്സ്റ്റാന്റിന് സ്ഥലമേറ്റെടുക്കൽ - സർക്കാർ ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 444 /2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 8.2.2010

---

പരാമർശം: 1. സ.ഉ. (സാധാ) നം. 4240/97/ത.സ്വ.ഭ.വ., തീയതി 20-12-1997.

2. കൊല്ലം ജില്ലാ കളക്ടറുടെ 3-7-2004, 11-9-2007, 16-5-2008, 24-1-2009, 11-8-2009 എന്നീ തീയതികളിലെ എൽ.എ.6- 79887/ 97-ാം നമ്പർ കത്ത്.

3. കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07-10-209-ലെ കത്ത്.

## ഉത്തരവ്

കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി പഞ്ചായത്ത് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി വില്ലേജ് സർവ്വേ നമ്പർ 475/11, 475/19-ൽ ഉൾപ്പെട്ട 41 സെന്റ് ഭൂമിയും അതിലേയ്ക്ക് റോഡ് വീതി കൂട്ടുന്നതിന് കരുനാഗപ്പള്ളി വില്ലേജ് സർവ്വേ നമ്പർ 476/2, 476/3, 476/4, 476/14 എന്നിവയിൽ ഉൾപ്പെട്ട 8.973 സെന്റ് ഭൂമിയും അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ വസ്തു പ്രൈവറ്റ് ബസ്സ്റ്റാന്റിന് അക്വയർ ചെയ്യുന്നതിനെതിരേ കരുനാഗപ്പള്ളി ടൗൺ വികസന സമിതി സെക്രട്ടറി ശ്രീ.കെ.ബി.അനിൽകുമാർ ബഹു.കേരള ഹൈക്കോടതിയിൽ സമർപ്പിച്ച 3052/99 നമ്പർ ഒ.പി. പ്രകാരം ബഹു.ഹൈക്കോടതി 05-02-1999-ൽ താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും സ്ഥലം പ്രൈവറ്റ് ബസ്സ്റ്റാന്റിന് വേണ്ടി ഏറ്റെടുക്കുന്നതിനെതിരേ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. കൊല്ലം ജില്ലാ കളക്ടറും താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും കൂടാതെ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡും, മൈനാഗപ്പള്ളി പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറും ഈ സ്ഥലം കരുനാഗപ്പള്ളി ഗവ: താലൂക്ക് ആശുപത്രിയ്ക്ക് സമീപം ആയതിനാൽ അനുയോജ്യമല്ല എന്ന് കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സ്ഥലം പ്രൈവറ്റ് ബസ്സ്റ്റാന്റിന് വേണ്ടി എടുക്കാൻ പഞ്ചായത്തിന് ഇപ്പോൾ യാതൊരു ആലോചനയും ഇല്ലാത്ത സാഹചര്യത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിൽ നിന്നും പിൻവാങ്ങൽ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ച പിൻവാങ്ങൽ വിജ്ഞാപനം കൊല്ലം ജില്ലാകളക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.

സെക്രട്ടറി, കരുനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.